# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.477

## 29-05-2019 ൽ മറുപടിക്ക്

## മസാലബോണ്ടുകൾ മുഖേന സമാഹരിച്ച തുക

| ചോദ്യം<br>ശ്രീ. കെ.ജെ. മാക്സി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ മസാലബോണ്ടുകൾ മുഖേന സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് എത്ര കോടി രൂപ സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ; | കിഫ്ബി നിലവിൽ പുറത്തിറക്കിയ മസാല ബോണ്ടുകൾ വഴി 2150 കോടി രൂപയാണ് സമാഹരിച്ചത്. |
| (ബി) പ്രസ്തുത തുക എത്ര ശതമാനം പലിശനിരക്കിലാണ് സമാഹരിച്ചത്; ആയതിന്റെ തിരിച്ചടവ് കാലാവധിയുടെ വിശദാംശം ലഭ്യമാക്കുമോ; | 9.723% കൂപ്പൺ റേറ്റിൽ ആണ് പ്രസ്തുത മസാല ബോണ്ടുകൾ വിപണനം ചെയ്യപ്പെട്ടത്. 5 വർഷമാണ് തിരിച്ചടവ് കാലാവധി. അർദ്ധ വാർഷിക അടിസ്ഥാനത്തിൽ പലിശയും കാലാവധിയുടെ അവസാനം മുതലും തിരിച്ചടക്കേണ്ടതായുണ്ട്. |
| (സി) മസാല ബോണ്ടുകൾ വാങ്ങിയ രാജ്യാന്തര പൊതുമേഖലാ സ്ഥാപനം ഏതാണ്; പ്രസ്തുത സ്ഥാപനത്തിന് എത്ര രാജ്യങ്ങളിലായി എത്ര കോടി രൂപയുടെ നിക്ഷേപമുണ്ടെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | അസറ്റ് മാനേജർസ്, ഇൻഷുറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ്, പ്രൈവറ്റ് വെൽത് മാനേജർസ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. കാനഡയിലെ ക്യൂബെക് ആസ്ഥാനമായ CDPQ ആണ് കിഫ്ബി മസാലബോണ്ടിന്റെ ഒരു പ്രധാന നിക്ഷേപകർ. പ്രധാനമായും സർക്കാർ- അർദ്ധ സർക്കാർ പെൻഷൻ ഫണ്ടുകളും ഇൻഷുറൻസ് ഉല്പന്നങ്ങളും കൈകാര്യം ചെയ്യുന്ന ദീർഘകാല സ്ഥാപനതല നിക്ഷേപകരാണ് CDPQ. ലോകമാസകലമുള്ള അറുപതിലേറെ രാജ്യങ്ങളിലായി അനേകായിരം നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള ഈ പ്രസ്ഥാനത്തിന് 2018 ഡിസമ്പർ 31 ലെ കണക്കു പ്രകാരം 22,000 കോടി അമേരിക്കൻ ഡോളർ (15.40 ലക്ഷം കോടി ഇന്ത്യൻ രൂപ) മൊത്തം ആസ്തി മൂല്യമുണ്ട്. ഇന്ത്യയിൽ ന്യൂഡൽഹിയിലടക്കം പത്തു രാജ്യങ്ങളിൽ |

| | |
|---|---|
| | ഇവർക്ക് കാര്യാലയമുണ്ട്.<br>കമ്പനിയുടെ ആഗോള പോർട്ട്ഫോളിയോയുടെ ഭാഗമായി CDPQ വിന് SNC ലാവ് ലിനിലും നിക്ഷേപമുണ്ട് എന്നത് പരസ്യമായി ലഭ്യമായ വിവരമാണ്. 2018 ഡിസമ്പർ 31 ലെ കണക്കു പ്രകാരം SNC ലാവ് ലിനിന്റെ 19.9% ഓഹരി CDPQ വിന്റെ കൈവശമുണ്ട്.<br>ഭാരതീയ റിസർവ് ബാങ്ക്, സെബി തുടങ്ങിയ നിയന്ത്രണാധികാരമുള്ള സ്ഥാപനങ്ങൾ രൂപപ്പെടുത്തിയ ഭരണനിർവ്വഹണ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ഇന്ത്യയിൽ പ്രവർത്തനം തുടരുന്ന സ്ഥാപനമാണ് CDPQ. എഡിൽവെയ്സ്, കോടക് ബാങ്ക്, ടി.വി.എസ്. ലോജിസ്റ്റിക്സ്, അസ്യൂർ പവർ എന്നിവ പോലുള്ള ഇന്ത്യൻ കമ്പനികളിൽ ഉൾപ്പെടെ 450 കോടി അമേരിക്കൻ ഡോളറിന്റെ (ഏകദേശം 31,500 കോടി രൂപ) നിക്ഷേപം ഈ രാജ്യത്തു നടത്തിക്കഴിഞ്ഞ സ്ഥാപനമാണ് CDPQ എന്ന് ആധികാരിക രേഖകൾ പറയുന്നു.<br>ബ്രിട്ടണിലെ ഹീത്രൂ വിമാനത്താവളം, ആസ്ട്രേലിയയിലെ ബ്രിസ്ബെയിൻ തുറമുഖം, ന്യൂയോർക്ക് സിറ്റിയിലെ വാസകേന്ദ്ര പദ്ധതിയായ സ്റ്റയിവെസന്റ് ടൗൺ / പീറ്റർക്കൂപ്പർ വില്ലേജ്, നെസ് ലെ പോലുള്ള ബഹുരാഷ്ട്ര വ്യവസായങ്ങൾ തുടങ്ങി ഉന്നത നിലവാരത്തിലുള്ള മുതൽമുടക്ക് ലോകമെമ്പാടും CDPQ നടത്തിയിട്ടുണ്ട്. CDPQ ആസ്ഥാനം നിലനില്ക്കുന്ന ക്യൂബെക് എന്ന കാനഡ പ്രവിശ്യയിൽനിന്നു മാത്രം ബൊംബാർഡിയർ, സിജിഐ, എസ്.എൻസി.ലാവ് ലിൻ തുടങ്ങിയവ ഉൾപ്പെടെ ആഗോള കമ്പോളത്തിൽ സജീവമായി നില്ക്കുന്ന ഏകദേശം 775 കനേഡിയൻ കമ്പനികളിൽ ഈ സ്ഥാപനത്തിന് നിക്ഷേപമുണ്ട്. |
| (ഡി) വായ്പ, മസാല ബോണ്ടുകൾ എന്നിവയുൾപ്പെടെ കിഫ്ബി നാളിതുവരെ സമാഹരിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | നാളിതുവരെ കിഫ്ബി വിവിധ മാർഗങ്ങളിലൂടെ 9539.04 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. |
| (ഇ) നടപ്പ് സാമ്പത്തികവർഷം എത്ര കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; | കിഫ് ബോർഡ് ഇതുവരെ അംഗീകാരം നൽകിയ 42000 കോടി രൂപയുടെ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. കൂടാതെ 2019-20 ബഡ്ജറ്റിൽ കിഫ്ബിയിലൂടെ നടപ്പിലാക്കാൻ |

| | |
|---|---|
| വ്യക്തമാക്കുമോ? | നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. |

**KIIFB Projects 2019-20**

| Sl.No | **Projects** | **Outlay** (Rs. in crore) |
|---|---|---|
| 1 | Installation of solar panels on the roof top of government institutions like schools and hospitals | Amount not Specified |
| 2 | Electricity Board - For the bulk purchase of LED bulbs. | Amount not Specified |
| 3 | Land acquisition in connection with the 26 kilometer long canal from Mahi to Valapattanam | 600 |
| 4 | Shore protection works | Amount not Specified |
| 5 | Development of Taluk Hospitals in Coastal area | 900 |
| 6 | Medical College at Wayanad - Land acquisition and Primary infrastructure development | Amount not Specified |

സെക്ഷൻ ഓഫീസർ